22487
24/10/17

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-മൂന്നാർ ഡിവിഷനിലെ നേര്യമംഗലം റെയിഞ്ചിലെ 2001-2004 വരെയുള്ള കാലഘട്ടത്തിലെ അനധികൃത മരംമുറി-റിട്ടയേർഡ് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ശ്രീ.ജെയിംസ് മാത്യുവിനെതിരായ അച്ചടക്ക നടപടി-കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ(സാധാ)നം.390/2017/വനം    തീയതി, തിരുവനന്തപുരം, 16.10.2017.

---

പരാമർശം :- 1) 06.11.2004 ലെ കോതമംഗലം ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ റ്റി.എ.1-61/04 നമ്പർ അന്വേഷണ റിപ്പോർട്ട്

2) 16.03.2012 ലെ എഫ്.എം.ഐ.എസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി8-10567/05 നമ്പർ കത്ത്

3) 23.07.2012 ലെ ഡി&പി വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി8-10567/05 നമ്പർ നടപടി ഉത്തരവ്

4) 28.07.2012 ലെ 5270/എ1/2012/വനം നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും

5) 01.01.2013 തീയതിയായി ശ്രീ.ജെയിംസ് മാത്യു, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമർപ്പിച്ച പ്രതിവാദ പത്രിക

6) 26.09.2013, 04.11.2013 എന്നീ തീയതികളിലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി8-10567/05 നമ്പർ കത്തുകൾ.

7) അന്വേഷണാധികാരിയായ ഡയറക്ടർ, സ്പോർട്സ് & യൂത്ത് അഫയേഴ്സ്, തിരുവനന്തപുരത്തിന്റെ 01.03.2017 ലെ എ 5-3844/16 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്

8) 30.05.2017 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി8-10567/05 നമ്പർ കത്ത്.

## ഉത്തരവ്

മൂന്നാർ ഡിവിഷന്റെ നേര്യമംഗലം റെയിഞ്ചിൽ 2001 മുതൽ 2004 വരെയുള്ള കാലഘട്ടത്തിൽ വൻതോതിൽ അനധികൃത മരംമുറിയും വനംഭൂമി കൈയ്യേറ്റവും നടന്നുവെന്ന് വിവിധ പത്രമാധ്യമങ്ങളിൽ റിപ്പോർട്ട് വരികയും അതിനെ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് വിജിലൻസ് ഫോറസ്റ്റ് കൺസർവേറ്റർ, കോതമംഗലം ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ ചുമതലപ്പെടുത്തുകയും, അദ്ദേഹം പരാമർശം (1) പ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

2) പ്രസ്തുത അന്വേഷണത്തിൽ നേര്യമംഗലം റെയിഞ്ചിൽപ്പെട്ട വനഭാഗങ്ങളിൽ നിന്നും 23 തേക്ക് മരങ്ങളും ഒരു ഈട്ടി മരവും ഒരു ഇരുൾ മരവും മുറിച്ച് നീക്കം ചെയ്തതായി കണ്ടെത്തി. ഇതുമൂലം സർക്കാരിന് 6,04,922/- രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. പ്രസ്തുത കുറ്റകൃത്യങ്ങൾക്ക് രണ്ടാഴ്ച മുതൽ മൂന്ന് വർഷം വരെയുള്ള പഴക്കമാണ് കണക്കാക്കിയിട്ടുള്ളത്. കുറ്റാരോപിതൻ കുറ്റകൃത്യങ്ങൾ യഥാസമയം കണ്ടുപിടിക്കുകയോ നേരത്തേ നടന്ന കുറ്റകൃത്യങ്ങൾക്ക് നടപടി സ്വീകരിക്കുകയോ ചെയ്യുകയുണ്ടായില്ല എന്നും, വനം കയ്യേറ്റങ്ങൾ പൂർണ്ണമായി ഒഴിപ്പിക്കാൻ കാര്യമായ ശ്രമങ്ങൾ നടത്തിയിട്ടില്ലായെന്നും അന്വേഷണത്തിൽ തെളിയുകയുണ്ടായി.

3) അന്വേഷണ റിപ്പോർട്ട് പ്രകാരം കുറ്റപത്രത്തിൽ വിവരിക്കുന്ന ജീവനക്കാരന്റെ അനാസ്ഥയും ഉത്തരവാദിത്വമില്ലായ്മയും മൂലമാണ് കുറ്റകൃത്യങ്ങൾ നടന്നിട്ടുള്ളതെന്ന് വ്യക്തമാകുന്നു.

4) പ്രസ്തുത കുറ്റകൃത്യങ്ങൾക്ക് നേര്യമംഗലം റെയിഞ്ചിൽ ജോലി നോക്കിയിരുന്ന 79 ജീവനക്കാർ കുറ്റക്കാരാണെന്ന് കണ്ടെത്തുകയുണ്ടായി. ടിയാന്മാരിൽ സർവ്വീസിൽ തുടർന്ന 55 പേർക്ക് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ തലത്തിൽ കുറ്റപത്രം നൽകി. കുറ്റകൃത്യത്തിൽ ഉൾപ്പെട്ട 3 പേർ

നിര്യാതരായതിനാൽ ടിയാന്മാർക്കെതിരെ നടപടി ആവശ്യമില്ലായെന്നും വിരമിച്ച 20 പേർക്കും അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ആയ ശ്രീ.ജെയിംസ് മാത്യുവിനെതിരെയും സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നതിന് എഫ്.എം. ഐ.എസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചതിൻ പ്രകാരം മൂന്നാർ ഡിവിഷനിൽ നേര്യമംഗലം റെയിഞ്ചിൽ വാളറ ഫോറസ്റ്റ് സ്റ്റേഷനിൽ 04.06.2003 മുതൽ 17.09.2003 വരെ റെയിഞ്ചോഫീസറായി സേവനം അനുഷ്ഠിച്ച ശ്രീ.ജെയിംസ് മാത്യുവിനെതിരെ സർക്കാർ തലത്തിൽ പരാമർശം (4) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

5) വിരമിച്ച 20-ൽ രണ്ടു പേർക്കെതിരെ സർവ്വീസിലിരിക്കെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാലും ടിയാളുകൾ മൂലം സർക്കാർ നഷ്ടം ഉണ്ടായിട്ടില്ലാത്തതിനാലും ശ്രീ.കെ.ആർ.രാജു, ഫോറസ്റ്റ് ഗാർഡ്, ശ്രീ.വി.എ.മജീദ്, ഫോറസ്റ്റ് ഗാർഡ് എന്നിവരെ ടി കേസിൽ നിന്നും ഒഴിവാക്കി.

6) കുറ്റപത്രത്തിന് ശ്രീ.ജെയിംസ് മാത്യു പരാമർശം (5) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (6) പ്രകാരം അഭിപ്രായം ലഭ്യമാക്കുകയുണ്ടായി. അതേസമയം ടി വിഷയത്തിൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തലത്തിൽ, അച്ചടക്ക നടപടി നേരിടുന്ന ഉദ്യോഗസ്ഥർക്കെതിരെ ഔപചാരികാന്വേഷണത്തിന് പരാമർശം (3) പ്രകാരം ഉത്തരവാകുകയുണ്ടായി. അതിനാൽ ടി അന്വേഷണ റിപ്പോർട്ട് ലഭ്യമായതിനു ശേഷം ശ്രീ.ജെയിംസ് മാത്യുവിന്റെ അച്ചടക്ക നടപടിയിൽ തുടർ നടപടി സ്വീകരിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി.

7) നേര്യമംഗലം റെയിഞ്ചിലെ അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തലത്തിൽ ഉത്തരവായ അന്വേഷണത്തിന്റെ പരാമർശം (7) പ്രകാരമുള്ള റിപ്പോർട്ട് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (8) പ്രകാരം ലഭ്യമാക്കി.

8) ടി അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.ജെയിംസ് മാത്യു, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെ (റിട്ട) കുറ്റവിമുക്തനാക്കുന്നതിനും ടി വിഷയത്തിൽ ഉൾപ്പെട്ട, ഇതിനകം സർവ്വീസിൽ

നിന്നും വിരമിച്ച 30 ഉദ്യോഗസ്ഥർക്ക് നൽകുന്നതിനുള്ള കാരണം കാണിക്കൽ നോട്ടീസ് അംഗീകരിച്ച് നൽകുന്നതിനും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ശുപാർശ ചെയ്യുകയുണ്ടായി.

9) ശ്രീ.ജെയിംസ് മാത്യുവിനെതിരെയുള്ള ചാർജ്ജുകൾ താഴെ പറയുന്നവയാണ്:

(i) ടിയാന്റെ അധികാരപരിധിയിൽ വരുന്ന സ്ഥലങ്ങളിലെ വനം കുറ്റകൃത്യങ്ങൾ തടയുന്നതിൽ വീഴ്ച വരുത്തി.

(ii) പ്രസ്തുത സ്ഥലങ്ങളിലെ മുൻ കുറ്റകൃത്യങ്ങളിൽ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തി.

(iii) ടിയാൻ ജോലി നോക്കിയ കാലയളവിൽ ഉണ്ടായ വനം കയ്യേറ്റങ്ങൾ തടയുന്നതിലോ, ഒഴിപ്പിക്കുന്നതിലോ വീഴ്ച വരുത്തി.

(iv) ടിയാന്റെ നിരുത്തരവാദിത്വപരമായതും, സർക്കാരിനോട് കൂറില്ലാത്തതുമായ പ്രവൃത്തി മൂലം സർക്കാരിലേയ്ക്ക് 6,04,922/- രൂപയുടെ നഷ്ടം ഉണ്ടായി. ഈ നഷ്ടത്തിന് ടിയാനും മറ്റുദ്യോഗസ്ഥരും ഉത്തരവാദികളാണ്.

10) ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ താഴെപ്പറയും പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അഭിപ്രായമറിയിച്ച്.

ശ്രീ.ജെയിംസ് മാത്യു 04.06.2003 മുതൽ 17.09.2003 വരെയുള്ള കാലയളവിൽ നേര്യമംഗലം റെയിഞ്ചിന്റെ അഡീഷണൽ ചാർജ്ജാണ് വഹിച്ചിരുന്നത്. അടിമാലി റെയിഞ്ച് ഓഫീസറായിരുന്ന ശ്രീ.ജെയിംസ് മാത്യു അടിമാലി റെയിഞ്ചിന്റെ ആസ്ഥാനമായ കുമ്പൻപാറ എന്ന സ്ഥലത്തു നിന്നു 36 കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന നേര്യമംഗലത്ത് മിക്കവാറും തന്നെ എത്തി ഓഫീസ് കാര്യങ്ങൾ നടത്തുകയും, സ്റ്റേഷൻ ആസ്ഥാനങ്ങളിൽ പോയി സ്റ്റേഷൻ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുള്ളതായും അന്വേഷണത്തിലും പരിശോധനയിലും കണ്ടെത്തിയിട്ടുണ്ട്.

ഫീൽഡ് പരിശോധിച്ച് കുറ്റകൃത്യങ്ങൾ കണ്ടുപിടിച്ച് നടപടി എടുക്കേണ്ടത് ഡെപ്യൂട്ടി റെയിഞ്ചറുടേയും സ്റ്റേഷൻ സ്റ്റാഫിന്റേയും ഉത്തരവാദിത്വമാണെന്ന ടിയാന്റെ വാദത്തോട് യോജിക്കുന്നു. എന്നാൽ കുറ്റകൃത്യം യഥാസമയം കണ്ടുപിടിയ്ക്കാതെയിരുന്നവർക്കെതിരെ യാതൊരു പരാമർശവും ഇല്ലായെന്ന

വാദം ശരിയല്ല. ടി കൃത്യത്തിന് ഉത്തരവാദികളായിട്ടുള്ളവർക്ക് കുറ്റപത്രം നൽകിയിട്ടുള്ളതാണ്.

കോതമംഗലം, തൊടുപുഴ ഫ്ലൈയിംഗ് സ്ക്വാഡുകൾ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ & പ്രൊട്ടക്ഷൻ, കോട്ടയം എന്നീ ഓഫീസുകളിലെ സ്റ്റാഫുകൾ വാളറ സ്റ്റേഷൻ പരിധിയിൽപ്പെട്ട ചില ഭാഗങ്ങളിൽ പരിശോധന നടത്തി കണ്ടതായ കുറ്റകൃത്യങ്ങൾക്ക് മൂന്നു വർഷം വരെ പഴക്കം കണക്കാക്കിയാണ് മഹസ്സർ തയ്യാറാക്കിയിട്ടുള്ളത്.

ഒരു വനപ്രദേശത്തിന്റെ സംരക്ഷണ ചുമതല ഡെപ്യൂട്ടി റെയിഞ്ചറിലും സ്റ്റേഷൻ സ്റ്റാഫിലും നിക്ഷിപ്തമാണ്. ഫീൽഡ് പരിശോധനയിൽ കുറ്റകൃത്യങ്ങളുണ്ടെങ്കിൽ നടപടി എടുക്കേണ്ടത് സ്റ്റേഷൻ സ്റ്റാഫിന്റെ ഉത്തരവാദിത്വമാണ്. റെയിഞ്ചാഫീസറായിരുന്ന ശ്രീ.ജെയിംസ് മാത്യുവിന് കേവലം മൂന്നര മാസക്കാലം മാത്രമേ നേര്യമംഗലം റെയിഞ്ചിന്റെ അധിക ചുമതല ഉണ്ടായിരുന്നുള്ളൂ. മേൽ വസ്തുതകൾ കൊണ്ടുതന്നെ ശ്രീ.ജെയിംസ് മാത്യുവിന്റെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ചകൾ ഒന്നും സംഭവിച്ചിട്ടില്ല. അതിനാൽ ടിയാന്റെ മറുപടി അംഗീകരിച്ച് കുറ്റവിമുക്തനാക്കാവുന്നതാണ്.

11) കുറ്റാരോപിതനായ ശ്രീ.ജെയിംസ് മാത്യു, 04.06.2003 മുതൽ 17.09.2003 വരെയുള്ള ചുരുങ്ങിയ കാലയളവിൽ നേര്യമംഗലം റെയിഞ്ചിന്റെ അധിക ചുതമലയാണ് വഹിച്ചിരുന്നത്. ടി വസ്തുത പരിഗണിച്ച് ടിയാനെ ഈ അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് അന്വേഷണ അധികാരി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, ടി റിപ്പോർട്ട് അംഗീകരിച്ച് സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ.ജെയിംസ് മാത്യുവിനെ അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കി ഉത്തരവാകാവുന്നതാണെന്നും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (8) പ്രകാരം ശുപാർശ ചെയ്തു.

12) മേൽ സാഹചര്യത്തിൽ, അന്വേഷണാധികാരിയുടെയും, ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെയും ശുപാർശ അംഗീകരിച്ച് ശ്രീ.ജെയിംസ് മാത്യു, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെതിരെ (റിട്ട.) പരാമർശം (4) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ നിന്നും ടിയാനെ കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

13) വിരമിച്ച കുറ്റാരോപിതരുടെ വിശദാംശങ്ങൾ ലഭ്യമായതിനു ശേഷം ടിയാന്മാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജെയിംസ് വർഗ്ഗീസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ശ്രീ.ജെയിംസ് മാത്യു, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട)
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ
ഓഫ് ഫോറസ്റ്റ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ